ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് എം.എൽ.എ. റോഡുകൾ അടക്കമുള്ള പ്രധാനപ്പെട്ട റോഡുകളുടെ പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, അദ്ദേഹത്തിന് ഒരു നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ മാത്രമായി പറയാനുള്ളതുകൊണ്ട്, കുറച്ച് സാവകാശം കൊടുക്കേണ്ടതാണ്. ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ഒരു പ്രത്യേക റോഡിന്റെയോ, പ്രത്യേക പാലത്തിന്റെയോ പ്രവർത്തനമല്ല. പുനലൂർ-റാന്നി റോഡിൽ വാകയാർ മുതൽ പത്തനാപുരം വരെയുള്ള ഭാഗം നന്നാക്കാൻ ടെണ്ടർ വിളിച്ചു കഴിഞ്ഞിരിക്കുകയാണ്. ചന്ദനപ്പള്ളി-കോന്നി റോഡ്, കോന്നി-കല്ലേലി റോഡ്, കമ്പളം-കോന്നി റോഡ് എന്നിവയുടെ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ കഞ്ഞിരപ്പാറ-കീഴക്കുംപുറം റോഡിന്റെ പണിയേറ്റെടുത്ത കരാറുകാരൻ മാഗിക മായി പണി തീർത്ത്, ആർബിട്രേഷനുവേണ്ടി പോയി. അതുകൊണ്ട് പണി നിരുത്തിവയ്ക്കേണ്ടിവന്നു. ഇതിന്റെ പണി വീണ്ടും നടത്താനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ അട്ടപ്പാക്കൽ-കമ്പളാംപൊയ്ക റോഡിന്റെ പണിയേറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണിക്ക് വേണ്ടത്ര പുരോഗതി ഉണ്ടായില്ല. വീണ്ടും ആ പണി തീർക്കാമെന്നു പറഞ്ഞുകൊണ്ട്. ആ കരാറുകാരൻ മുന്നോട്ടു വന്നിരിക്കുകയാണ്. മലയോര റോഡുകളിൽപ്പെട്ട കോന്നി-അണയാഴി റോഡിന്റെ കോന്നി മുതൽ തണ്ണിത്തോട് വരെയുള്ള ഭാഗങ്ങളിൽ അതുമ്പുംകുളം വരെയുള്ള ഭാഗങ്ങളുടെ പണി നടത്തിക്കഴിഞ്ഞു. ബാക്കി ഭാഗത്തിന്റെ പണി വനംവകുപ്പിന്റെ പെർമിഷൻ കിട്ടാത്തതുകൊണ്ട് നിരുത്തിവച്ചിരിക്കുകയാണ്. ഒരു റോഡിന്റെ കാര്യമല്ല ഗവൺമെന്റ് ടേക്ക് അപ്പ് ചെയ്യുന്നത്. പല ഭാഗങ്ങളിലും ഇതുപോലെ ഫോറസ്റ്റിൽക്കൂടി പോകുന്ന റോഡുകളുണ്ട്. ആ റോഡുകളെല്ലാമായിട്ട് അനുമതി നൽകണമെന്നു ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(15) ഭക്ഷണസാധനങ്ങളുടെ വിലവർദ്ധനവ് തടയൽ

ശ്രീ. പി.സി. ജോർജ്ജ്: സർ, പട്ടണപ്രദേശങ്ങളിലെ ഹോട്ടലുകളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലെ ചായക്കടകളിൽപോലും ഇന്ന് പാകം ചെയ്ത ഭക്ഷണസാധനങ്ങൾക്ക് യുക്തരഹിതമായ രീതിയിൽ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. ഉദാഹരണത്തിന്, ഇന്ന് ഒരു പരിപ്പുവടയ്ക്ക് 50 പൈസയും ഒരു ഉഴുന്നു വടയ്ക്ക് 50 പൈസയുമാണ്. ഇവിടെ എൻ.ജി.ഒ. മാരും അദ്ധ്യാപകരും സമരം ചെയ്തപ്പോൾ അവർക്ക് വലിയ തോതിൽ ശമ്പള വർദ്ധനവ് വരുത്തിയെങ്കിൽ അതിന്റെ നൂറിരട്ടി കൊടുത്താൽ പോലും അവരുടെ ജീവിതം നടക്കുകയില്ലായെന്നുള്ള നിലയിലാണ് ഇന്ന് നിൽക്കുന്നത്. ഇന്ന് ഒരു ചായയുടെ വില 75 പൈസയും കാപ്പിയുടെ വില 80 പൈസയുമാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ചായയുണ്ടാക്കാനുള്ള ചായപ്പൊടിക്കും, പാലിനും വില വർദ്ധിച്ചിട്ടില്ല. അവയ്ക്ക് വില കുറഞ്ഞിരിക്കുകയാണ്. അതുപോലെ കാപ്പിപ്പൊടിക്കും പഞ്ചസാരയ്ക്കുമൊന്നും വില വർദ്ധിച്ചിട്ടില്ല. എന്നിട്ടും ഈ രീതിയിൽ ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും പാകം ചെയ്ത ഭക്ഷണസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നുവെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങളോട് ചെയ്യുന്ന കൊടുംക്രൂരതയായി മാത്രമേ കാണാൻ കഴിയുകയുള്ളു. ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുക മാത്രമല്ല, അവയുടെ മുഴുപ്പും കുറഞ്ഞിരിക്കുകയാണ്. കയ്യിലൊതുങ്ങുന്ന മുഴുപ്പായിരുന്നിയിരിക്കുന്നു. ഉഴുന്നുവടയ്ക്ക് ഈയർ റിങ്ങിന്റെ മുഴുപ്പേയുള്ളു. എന്തൊരു ഗതികേടാണിത്? എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്, തമിഴ്നാട് ഗവൺമെന്റ് ചെയ്തതുപോലെ ജില്ലാ ആസ്ഥാനങ്ങളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഈ ഹോട്ടലുകളും ചായക്കടകളും നടത്തുന്ന ആളുകളെ വിളിച്ചുവരുത്തി ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിച്ച് സാധാരണക്കാരായ ജനങ്ങളെയും ഉദ്യോഗസ്ഥൻമാരെയും രക്ഷിക്കാൻവേണ്ടി ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. അതിനുവേണ്ടി ഞാൻ ആത്മാർത്ഥതയോടുകൂടി അപേക്ഷിക്കുകയാണ്.

ക്ഷീരവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നിത്യ വരുമാനക്കാരായ തൊഴിലാളികളും, ഉദ്യോഗസ്ഥൻമാർ, ഇടത്തരക്കാർ എന്നിവരെല്ലാം കൂടുതലും ഹോട്ടലുകളെ ആശ്രയിക്കുന്നവരാണ്. ഭക്ഷണസാധനങ്ങൾക്ക് വില വർദ്ധനവുണ്ട്. നിർഭാഗ്യവശാൽ, ഇന്നത്തെ സാഹചര്യത്തിൽ ഹോട്ടലുകളിൽ പാകം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ വില നിശ്ചയിക്കാനോ, നിയന്ത്രിക്കാനോ പ്രത്യേക നിയമങ്ങളൊന്നുമില്ല. എന്നാൽ അവർ വിലവിവരപട്ടിക പ്രദർശിപ്പിക്കണമെന്നാണ് വ്യവസ്ഥ. അത്, കർശനമാക്കാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനു പുറമേ, ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് പറഞ്ഞതുപോലെ കളക്ടർമാരെ വിളിച്ചുകൂട്ടി അവരോട് ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പല ജില്ലാകളക്ടർമാരും ഹോട്ടലുടമകളെ വിളിച്ചുകൂട്ടി ഭക്ഷണസാധനങ്ങളുടെ വില അമിതമായി വർദ്ധിപ്പിക്കരുതെന്നും ഒരു നിശ്ചിത വിലയ്ക്ക് വിൽക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള പ്രവർത്തനം ഇപ്പോഴും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മൊബൈൽ കാന്റീൻ നടത്താൻവേണ്ടി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(16) ചെല്ലഞ്ചി പാലം പണി തുടങ്ങൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു ചെറിയ കാര്യവും എനിക്കും എന്റെ നിയോജകമണ്ഡലത്തിനും വലിയൊരു കാര്യവുമായതിനെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. നന്ദിയോട്-കല്ലറ പഞ്ചായത്തുകളെ യോജിപ്പിക്കുന്ന ഒരു പാലമാണ് ചെല്ലഞ്ചി പാലം. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly